നമ്പർ : ICPS 2/40319/2016

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം. 03/04/2017

## സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്-തിരുവനന്തപുരം:- ജെ.ജെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മൊബൈൽ ഫോൺ ഉപയോഗം സംബന്ധിച്ച്.

പരാമർശം : (1) ഐ.സി.പി. എസ് ഇൻസ്പെക്ഷൻ ടി. 22.12.2016 കോട്ടയം ചിൽഡ്രൻസ് ഹോം സന്ദർശിച്ചതു സംബന്ധിച്ച റിപ്പോർട്ട്.

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജെ.ജെ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഡ്യൂട്ടി സമയത്ത് അമിതമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി മനസ്സിലാക്കുവാൻ സാധിച്ചു. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ സ്ഥാപനങ്ങളിലും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള മൊബൈൽ ഫോൺ ഉപയോഗം സ്ഥാപനത്തിന്റെ പ്രവർത്തനത്തേയും കുട്ടികളുടെ ചിന്തകളേയും പ്രതികൂലമായി ബാധിക്കും. ആയതിനാൽ കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിൽ ഡ്യൂട്ടി സമയത്ത് മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് അത്യാവശ്യഘട്ടങ്ങളിൽ മാത്രമായിരിക്കണം. അതും കുട്ടികളുടെ മുന്നിൽ വെച്ചാകാതിരിക്കണം. ഇക്കാര്യം എല്ലാ ജെ.ജെ സ്ഥാപനങ്ങളിലേയും ജീവനക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും (അറിവിലേയ്ക്കായി)
2. എല്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും (അറിവിലേയ്ക്കായി)
3. സ്റ്റോക്ക് ഫയൽ